III ഇ. ബി. XII – കേരള നിയമസഭ/I-2

# പന്ത്രണ്ടാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നിയമസഭാ നടപടികളുടെ ചുരുക്കം

2006 മേയ് 25, വ്യാഴം

നിയമസഭ രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. വി. ജെ. തങ്കപ്പന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**സ്പീക്കർ തെരഞ്ഞെടുപ്പ്**

നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. എം. മുരളിയുടെയും ശ്രീ കെ. രാധാകൃഷ്ണൻെറയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശപത്രികകൾ ലഭിച്ചിട്ടുണ്ടെന്നും അവ നിയമാനുസൃതമാണെന്നും ഒന്നിലധികം അംഗങ്ങളെ സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണെന്നും പ്രോട്ടെം സ്പീക്കർ സഭയെ അറിയിച്ചു..

വോട്ടെടുപ്പിൽ ശ്രീ. എം. മുരളിക്ക് 40 വോട്ടും ശ്രീ. കെ. രാധാകൃഷ്ണന് 93 വോട്ടും ലഭിച്ചതായും ശ്രീ. കെ. രാധാകൃഷ്ണനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്ത തായും പ്രോട്ടെം സ്പീക്കർ പ്രഖ്യാപിച്ചു.

(ഡോ. തോമസ് ഐസക്, ശ്രീ. വർക്കല കഹാർ, ശ്രീ. കെ.വി. അബ്ദുൾ ഖാദർ, ശ്രീ. മത്തായി ചാക്കോ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിരുന്നില്ല. ശ്രീ. കെ. രാധാകൃഷ്ണനും ശ്രീ. എം. മുരളിയും വോട്ടിംഗിൽ പങ്കെടുത്തില്ല.)

പുതിയ സഭാദ്ധ്യക്ഷനെ പ്രോട്ടെം സ്പീക്കർ ഹാർദ്ദമായി അനുമോദിക്കുകയും സർവ്വ വിജയാശംസകളും നേരുകയും ചെയ്തശേഷം അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്നതിനായി ക്ഷണിച്ചു.

മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദനും ശ്രീ. ഉമ്മൻചാണ്ടിയും ചേർന്ന് ശ്രീ. കെ. രാധാകൃഷ്ണനെ അദ്ധ്യക്ഷ വേദിയിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷ വേദിയിൽ ഉപവിഷ്ടനായശേഷം മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദൻ, മന്ത്രിമാരായ സർവ്വശ്രീ സി. ദിവാകരൻ, മാത്യു ടി. തോമസ്, പി.ജെ. ജോസഫ്, എൻ.കെ. പ്രേമചന്ദ്രൻ,

എം. വിജയകുമാർ എന്നിവരും സർവ്വശ്രീ ഉമ്മൻചാണ്ടി,. കെ.എം. മാണി, സി. ടി. അഹമ്മദ് അലി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു, രാമചന്ദ്രൻ കടന്നപ്പള്ളി, തോമസ് ചാണ്ടി, എ.കെ. ശശീന്ദ്രൻ, പി.സി. ജോർജ്, പി.എം.എ. സലാം, എം. മുരളി, തേറമ്പിൽ രാമകൃഷ്ണൻ എന്നീ അംഗങ്ങളും നടത്തിയ അനുമോദന പ്രസംഗത്തിന് നിയുക്ത സ്പീക്കർ നന്ദി രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിലെ ചട്ടം 2(1) അനുസരിച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. ഉമ്മൻ ചാണ്ടിയെ പ്രതിപക്ഷനേതാവായി അംഗീകരിക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചു.

2006 ജൂൺ 16-ാം തീയതി രാവിലെ 9 മണിക്ക് സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.20-ന് പിരിഞ്ഞു.